# അന്ധവിശ്വാസവും അഹമ്മദും

13 എന്ന നമ്പറിനെ അശുഭസംഖ്യയായി മുദ്രകുത്തി തുടക്കംമുതൽക്കുതന്നെ എം.എൽ.എ. ഹോസ്റ്റലിൽ അതിന് വിലക്കുകൽപ്പിച്ചിരുന്നതായറിഞ്ഞ ആംഗ്ലോഇന്ത്യൻ പ്രതിനിധിയായി നോമിനേറ്റ് ചെയ്യപ്പെട്ട സൈമൺ ബ്രിട്ടോ എം.എൽ.എ. തനിക്കനുവദിച്ച 12എ പതിമൂന്നിന് പകരമാണെന്നറിഞ്ഞുകൊണ്ട് തനിക്ക് 13 തന്നെ കിട്ടണമെന്ന നിർബന്ധം സ്പീക്കർ വകവെച്ചു നൽകിയതിനാൽ അവിടെനിന്നും അന്ധവിശ്വാസം പതുക്കെ പടിയിറങ്ങുന്നു. ഓൾഡ് ബ്ലോക്കിൽ 12 എ, 12 ബി എന്നീ മുറികളാണ് 13-ന് പകരമായി ബ്രിട്ടോക്ക് നൽകിയിട്ടുള്ളത്. എം.എൽ.എ. ഹോസ്റ്റൽ സമുച്ചയത്തിലെ 4 ബ്ലോക്കുകളിലും 13 സംഖ്യ ഇല്ല തന്നെ. ബ്രിട്ടോയുടെ ആവശ്യം സ്പീക്കർ അംഗീകരിച്ചതോടെ യഥാർത്ഥത്തിൽ ഒരു ശാപമോക്ഷം വന്ന മട്ടാണ്. കേരള ഹൈക്കോടതി പണികഴിപ്പിച്ച പുതിയ മന്ദിരത്തിൽപോലും 13-ന് വിലക്കാണെന്നുകേൾക്കുമ്പോൾ നമ്മുടെ അന്ധവിശ്വാസത്തിന്റെ ആഴം എത്രയോ ഇരട്ടിയായി വർദ്ധിക്കുന്നു.

ഞാൻ ഈ സന്ദർഭത്തിൽ ഓർക്കുന്ന ഒരുകാര്യം. 26 വർഷങ്ങൾക്ക് മുമ്പ് അന്നത്തെ വ്യവസായമന്ത്രിയായിരുന്ന ഇ. അഹമ്മദ്സാഹിബ് ഔദ്യോഗിക വസതിക്കുവേണ്ടി രണ്ടും മൂന്നും ബംഗ്ലാവുകൾ കാണാൻ പോയിരുന്നു. അതിലൊന്ന് മ്യൂസിയത്തിനെതിരെ സ്ഥിതിചെയ്യുന്ന "പാർക്ക് വ്യൂ" കെട്ടിടം. ടൂറിസം ഡിപ്പാർട്ടുമെന്റ് കിടക്കുന്ന ആ കെട്ടിടത്തിലാണ് മുൻ സ്പീക്കർ കെ.എം. സീതിസാഹിബ് താമസിച്ചിരുന്നത്. വൈകാരികമായ അടുപ്പംകൊണ്ടാണ് തനിക്ക് അത് കിട്ടണമെന്നാഗ്രഹിച്ചതെങ്കിലും അതൊഴിഞ്ഞുകിട്ടാൻ കാലതാമസം നേരിടുമെന്നതിനാൽ അതുപേക്ഷിച്ചു. പിന്നീട് അദ്ദേഹം തെരഞ്ഞെടുത്തത് ആരും അന്വേഷിച്ചു ചെല്ലാത്ത വർഷങ്ങളായി, ശാപമേറ്റുകിടക്കുന്ന തൈക്കാട്ടുള്ള "റാസ്സ് ഹൗസ്" ആയിരുന്നു. വളരെ വിശാലമായതും "സാനഡു ബംഗ്ലാവിനോട്" ചേർന്നുകിടക്കുന്നതുമാണത്. മുമ്പൊരിക്കൽ ടി.വി. തോമസ് വ്യവസായമന്ത്രിയായിരിക്കുമ്പോൾ താമസിച്ചിരുന്ന ബംഗ്ലാവായിരുന്നു. ടി.വി. തോമസ് ഇവിടെ താമസിക്കുമ്പോഴാണ് ഭാര്യയും മന്ത്രിയുമായ കെ.ആർ. ഗൗരിയമ്മ തൊട്ടടുത്ത സാനഡുവിലും താമസിച്ചിരുന്നത്. പിന്നീട് അവർ വഴിപിരിയാൻ ഇടയായത് ടി.വി. തോമസ് "റാസ്സ് ഹൗസി"ൽ താമസിക്കുമ്പോഴായിരുന്നു. അതിനുശേഷം വിദ്യുച്ഛക്തി മന്ത്രിയായിരുന്ന സി.പി.ഐ. നേതാവ് എം.എൻ. ഗോവിന്ദൻ നായർ താമസിച്ചതും ഇതേ ബംഗ്ലാവിലായിരുന്നു. ആ കാലഘട്ടത്തിലായിരുന്നു അദ്ദേഹത്തിന്റെ ഏകമകൻ ഡൽഹിയിൽ വിദ്യാർത്ഥിയായിരിക്കുമ്പോൾ ഒരപമൃത്യുവിന്നിരയായത്. ഈ രണ്ട് സംഭവങ്ങളുടെയും വെളിച്ചത്തിൽ അതൊരു ശാപമേറ്റ വീടായികണ്ട് അവിടെ ആരും താമസിക്കാതെ പൂട്ടിയിട്ടിരിക്കുകയായിരുന്നു വളരെക്കാലം. എന്നാൽ അതിനൊരു ശാപമോക്ഷം കിട്ടിയത് ഇ. അഹമ്മദ്സാഹിബ് അവിടെ കാലെടുത്തുവെച്ച് മന്ത്രിസഭയിൽ അഞ്ചുവർഷകാലാവധി പൂർത്തിയാക്കുകയും തന്റെ മകളുടെ വിവാഹംവരെ ആ റോസ്ഹൗസ് താമസത്തിനിടയിൽ നടത്തുകയും ചെയ്തു. സായ്പിന്റെ പേരിൽ അറിയപ്പെട്ടിരുന്ന "റാസ്സ് ഹൗസി"നെ അഹമ്മദ് സാഹിബ് "റോസ് ഹൗസ്" എന്ന് നാമകരണംചെയ്ത് ഔദ്യോഗിക വസതിയിൽ പിന്നീട് മുടങ്ങാതെ മന്ത്രിമാരായ പി.ജെ. ജോസഫ്, സി.ടി. അഹമ്മദലി, കെ. ശങ്കരനാരായണൻ തുടങ്ങിയവരും ഇപ്പോൾ ധനമന്ത്രി തോമസ് ഐസക്കും ഒരു അല്ലലുമില്ലാതെ താമസിച്ചുവരുന്നു. അതുകൊണ്ടുതന്നെ സൈമൺബ്രിട്ടോ ഇവിടെ കാണിച്ച വിവേകപൂർവ്വകമായ നടപടി നമ്മുടെ ജനപ്രതിനിധികൾക്കെല്ലാം ഒരു പാഠമാവുന്നതോടൊപ്പം എം.എൽ.എ. ഹോസ്റ്റലിലെ എല്ലാ ബ്ലോക്കുകളിലും 13 എന്ന നമ്പർ തിരിച്ചുവരികയും വേണം. അതോടൊപ്പം നമ്മുടെ ബഹുമാനപ്പെട്ട ഹൈക്കോടതിയിലും 13 തിരിച്ചുവരട്ടെ ഒപ്പം അന്ധവിശ്വാസം പടിയിറങ്ങട്ടെ എന്നും നമുക്കാശിക്കാം.

**-ടി.എ. അബ്ദുൽവഹാബ്, തിരുവനന്തപുരം-20.**